മലയാള മനോരമ

03 September 2023

# ഇന്ത്യയിലെ സമുദ്രമത്സ്യ സമ്പത്ത് സുസ്ഥിരം: സിഎംഎഫ്ആർഐ റിപ്പോർട്ട്

കൊച്ചി● ഇന്ത്യയിലെ സമുദ്രമത്സ്യ സമ്പത്ത് സുസ്ഥിരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠനറിപ്പോർട്ട്. സിഎംഎഫ്ആർഐ 2022ൽ പഠനവിധേയമാക്കിയ 135 മത്സ്യ സ്റ്റോക്കുകളിൽ 91.1 ശതമാനവും അമിതമായി പിടിക്കപ്പെടാത്തവിധം സുരക്ഷിതമാണെന്നു റിപ്പോർട്ട് പറയുന്നു.

കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല പഠനറിപ്പോർട്ട് പ്രകാശനം ചെയ്തു.

രാജ്യാന്തര വ്യാപാര ചർച്ചകളിൽ ഇന്ത്യൻ സമുദ്രമത്സ്യ മേഖലയ്ക്ക് അനുകൂലമായ തീരുമാനങ്ങളുണ്ടാകാൻ പഠനം സഹായകമാകുമെന്നും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

സുസ്ഥിരമായി പിടിക്കപ്പെടുന്ന സമുദ്രോൽപന്നങ്ങൾക്കു രാജ്യാന്തര സീഫുഡ് വിപണിയിൽ മുൻഗണനയുള്ളതിനാൽ കയറ്റുമതി മെച്ചപ്പെടുത്താനും ഈ പഠനം സഹായിക്കും. കടൽപായൽ കൃഷിരീതികൾ പരിചയപ്പെടുത്തുന്ന സിഎംഎഫ്ആർഐയുടെ പ്രസിദ്ധീകരണവും പ്രകാശനം ചെയ്തു.